**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 938** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2011 മെയ് മാസം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് വീട് നൽകിയിട്ടുണ്ടെന്ന വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ലൈഫ് ഭവന പദ്ധതിയിലേക്ക് പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (ബി) | 2018-19 മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. ലൈഫ് മിഷന് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഒരു ഗുണഭോക്താവിന് അനുവദിച്ചിരുന്ന തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ? | (സി) | ഗുണഭോക്താക്കൾ വാസയോഗ്യമായ വീടില്ലാത്തവരും സ്വന്തമായ ഭൂമിയുള്ളതുമായ പട്ടികജാതി വിഭാഗക്കാർ ആയിരിക്കണം വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സർക്കാർ ഏജൻസിയിൽ നിന്നോ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലാത്തവരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും ആയിരിക്കണം. ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ ധനസഹായ തുക 4 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | അനുവദിച്ച തുക (കോടിയിൽ ) | |
|---|---|---|
| | പട്ടികജാതി വികസന വകുപ്പ് | പട്ടികവർഗ വികസന വകുപ്പ് |
| 2018-19 | 61.30 | - |
| 2019-20 | 0 | 64.46 |
| 2020-21 | 245 | 140 |
| 2021-22 | 278 | 140 |
| 2022-23 | 300 | 140 |
| 2023-24 | 195 | 25 |
| 2024-25 | 120 | 70 |
| 2025-26 | - | 70 |